REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 30-08-2026** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- രാജ്യത്ത് 'ലഹരിമുക്ത യുവത്വം, വികസിത ഭാരതം' എന്ന പ്രചാരണം അതിവേഗം ശക്തിപ്രാപിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി മൻ കി ബാതിൽ.
- ലക്ഷക്കണക്കിന് അമ്മമാർക്കും, സഹോദരിമാർക്കും പി എം സ്വനിധി പദ്ധതി പുതിയ ശക്തി നൽകിയെന്നും പ്രധാനമന്ത്രി.
- ജനങ്ങൾ നൽകുന്ന വിശ്വാസമാണ് മാധ്യമങ്ങളുടെ ഏറ്റവും വലിയ സമ്പാദ്യമെന്ന് ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ.
- ആറന്മുള ഉത്രട്ടാതി ജലമേള അൽപസമയത്തിനകം ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.
- ഏഷ്യ കപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് തായ്‌ലന്റിനെ നേരിടും.

## വാർത്തകൾ വിശദമായി

രാജ്യത്ത് 'ലഹരിമുക്ത യുവത്വം, വികസിത ഭാരതം' എന്ന പ്രചാരണം അതിവേഗം ശക്തിപ്രാപിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി മൻ കി ബാതിൽ പറഞ്ഞു. 'മൻ കി ബാതിന്റെ 137-ാം പതിപ്പിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

ലഹരി ഉപയോഗം വ്യക്തിയെ മാത്രമല്ല ബാധിക്കുന്നതെന്നും, അതിന്റെ പ്രത്യാഘാതങ്ങൾ കുടുംബവും സമൂഹവും അനുഭവിക്കേണ്ടിവരുന്നുവെന്നും പ്രധാനമന്ത്രി അറിയിച്ചു. ലഹരിക്കെതിരെ അവബോധം വളർത്തുന്നവരെയും, ലഹരിക്ക്

അടിപ്പെട്ടവരെ അതിൽ നിന്ന് മുക്തരാക്കാൻ പ്രയത്നിക്കുന്നവരെയും പ്രധാനമന്ത്രി മൻ കി ബാതിൽ അഭിനന്ദിച്ചു.

------------------------------(HOLD - PM VOICE)--------------------------

ലഹരിമുക്ത ഇന്ത്യ എന്ന ആശയത്തിന് ശക്തമായ മുദ്രാവാക്യം രൂപപ്പെടുത്താൻ ജനങ്ങളോടും, ലഹരിമുക്ത ജീവിതത്തിന്റെ സന്ദേശം പകരുന്ന ഗാനങ്ങൾ സൃഷ്ടിക്കാൻ യുവ സംഗീതജ്ഞരോടും പ്രധാനമന്ത്രി അഭ്യർത്ഥിച്ചു. മികച്ച ഉള്ളടക്ക സ്രഷ്ടാക്കൾ രാജ്യത്ത് ഏറെയുണ്ടെന്നും പ്രധാമന്ത്രി മൻ കി ബാതിൽ പറഞ്ഞു,

ഇന്ത്യയിലെ യുവാക്കളെ ലഹരിയിൽ നിന്ന് അകറ്റി നിർത്താൻ എല്ലാവർക്കും ഒത്തൊരുമിച്ച് പ്രവർത്തിക്കാമെന്നും, ലഹരിക്കെതിരായ സന്ദേശം നശാമുക്ത് യുവ എന്ന ഹാഷ് ടാഗിനൊപ്പം സാമൂഹിക മാധ്യമത്തിൽ ഷെയർ ചെയ്യണമെന്നും ശ്രീ നരേന്ദ്രമോദി ആഹ്വാനം ചെയ്തു.

ദേശഭക്തിയുടെ വിവിധ വർണങ്ങൾ ദൃശ്യമായ മാസമാണ് ഓഗസ്റ്റ് എന്നും, ഓരോ വ്യക്തിയുടെയും മനസ്സിൽ രാഷ്ട്ര സ്നേഹത്തിന്റെ വികാരം കൂടുതൽ ശക്തമായതായും പ്രധാനമന്ത്രി പറഞ്ഞു. ക്വിറ്റ് ഇന്ത്യ പ്രസ്ഥാനത്തിന്റെ വാർഷികവും സ്വാതന്ത്ര്യദിനവും, ദേശീയ കൈത്തറി ദിനവും, ബഹിരാകാശ ദിനവും ഓരോ ഇന്ത്യക്കാരനിലും അഭിമാനം നിറച്ചെന്നും പ്രധാനമന്ത്രി അറിയിച്ചു. ഈ വർഷം എട്ടു കോടിയിലധികം തിരംഗ സെൽഫികളാണ് സാമൂഹിക മാധ്യമത്തിൽ അപ്‌ലോഡ് ചെയ്തതെന്നും അദ്ദേഹം പറഞ്ഞു.

രാജ്യത്ത് ലക്ഷക്കണക്കിന് അമ്മമാർക്കും, സഹോദരിമാർക്കും പി എം സ്വനിധി പദ്ധതി പുതിയ ശക്തി നൽകിയെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. പി എം സ്വനിധി പദ്ധതിയുടെ ഗുണഭോക്താക്കളിൽ 46 ശതമാനം സ്ത്രീകളാണ്. 35 ലക്ഷം സ്ത്രീകൾ ഈ പദ്ധതിയുമായി ചേർന്ന് അവരുടെ ബിസിനസ് മുന്നോട്ടു കൊണ്ടു പോകുന്നുണ്ടെന്നും നരേന്ദ്രമോദി പറഞ്ഞു. ഗാസിയാബാദിലെ ബബിതാ ശർമ്മയുടെ കഠിനാധ്വാനത്തെ പ്രധാനമന്ത്രി മൻ കി ബാതിൽ അഭിനന്ദിച്ചു. സ്ത്രീകളുടെ ബിസിനസ് വളരുമ്പോൾ കുടുംബത്തിന്റെ ഭാവിയും വളരുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

-----------------------------(HOLD - PM VOICE)-------------------------

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ശുചിത്വത്തിന് നടത്തുന്ന പ്രവർത്തനങ്ങൾ ജനങ്ങൾക്ക് നിരന്തരം പ്രചോദനം നൽകുന്നതായി നരേന്ദ്രമോദി പറഞ്ഞു. ഈ വർഷത്തെ അമർനാഥ് യാത്രയിൽ 400 മെട്രിക് ടണ്ണിലധികം മാലിന്യമാണ് ശേഖരിച്ചത്. ശുചീകരണ പ്രവർത്തനത്തിൽ പങ്കാളികളായവരെ പ്രധാനമന്ത്രി അഭിനന്ദിച്ചു. ശുചിത്വം പെരുമാറ്റത്തിന്റെ ഭാഗമാകുമ്പോൾ, സ്ഥലത്തിന്റെ ഭംഗി വർദ്ധിക്കുന്നതായും നരേന്ദ്രമോദി അഭിപ്രായപ്പെട്ടു.

വന്യജീവി സംരക്ഷണത്തിലും കാടിന്റെ സംരക്ഷണത്തിലും സ്ത്രീകൾ മുൻപന്തിയിൽ വന്നുകൊണ്ടിരിക്കുകയാണെന്നും, ഒഡീഷയിലെ ദേബ്രിഗഡ് ഗ്രാമത്തിൽ 60 ലധികം സ്ത്രീകൾ കാടിന്റെ സംരക്ഷണത്തിൽ പങ്കാളികളായിട്ടുണ്ടെന്നും നരേന്ദ്രമോദി പറഞ്ഞു.

വരുന്ന ഉത്സവകാലങ്ങളിൽ കരകൗശല തൊഴിലാളികളെയും, ശില്പികളെയും വിശ്വകർമ്മ സുഹൃത്തുക്കളെയും ആദരിക്കണമെന്ന് പ്രധാനമന്ത്രി മൻ കി ബാതിൽ ആവശ്യപ്പെട്ടു. ഇന്ത്യ സ്വയംപര്യാപ്തമാകണമെങ്കിൽ രാജ്യത്ത് നിർമ്മിച്ച വസ്തുക്കളിൽ അഭിമാനം കൊള്ളണമെന്നും നരേന്ദ്രമോദി മൻ കി ബാതിൽ പറഞ്ഞു.

✪✪✪

ന്യൂഡൽഹിയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി യുടെ സംയുക്ത ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു നാളെ മുഖ്യാതിഥിയായി പങ്കെടുക്കും. രാജ്യത്തെ 18 NIFT ക്യാമ്പസുകളിലെ ബിരുദധാരികൾ പങ്കെടുക്കും. കേന്ദ്ര മന്ത്രി ഗിരിരാജ് സിംഗ് ചടങ്ങിൽ സംബന്ധിക്കും.

ടെക്സ്റ്റൈൽസ് മന്ത്രാലയത്തിന് കീഴിൽ 1986-ൽ സ്ഥാപിതമായ NIFT, ഫാഷൻ വിദ്യാഭ്യാസ രംഗത്തെ  രാജ്യത്തെ പ്രമുഖ സ്ഥാപനമാണ് .

✪✪✪

ജനങ്ങൾ നൽകുന്ന വിശ്വാസമാണ് മാധ്യമങ്ങളുടെ ഏറ്റവും വലിയ സമ്പാദ്യമെന്ന് ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ പറഞ്ഞു. ആലപ്പുഴയിൽ  കേരള കൗമുദി ദിനപത്രത്തിന്റെ 115ാമത് വാർഷികം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വാർത്തകൾ റിപ്പോർട്ട് ചെയ്യുന്നതിനൊപ്പം ജനങ്ങൾക്ക് നീതി ലഭ്യമാക്കലും മാധ്യമങ്ങളുടെ കടമയാണെന്ന് ഉപരാഷ്ട്രപതി പറഞ്ഞു. പദ്മഭൂഷൻ ലഭിച്ച SNDP യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടെശനെ ചടങ്ങിൽ ഉപരാഷ്ട്രപതി ആദരിച്ചു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മന്ത്രി റോജി എം.ജോൺ, MLA മാരായ ബി. ബി. ഗോപകുമാർ, A. D. തോമസ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

✪✪✪

പ്രസിദ്ധമായ ആറന്മുള ഉത്രട്ടാതി ജലമേള അൽപസമയത്തിനകം ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ഉച്ചകഴിഞ്ഞ് മൂന്നിനാണ് മത്സര വള്ളംകളി. ഉപരാഷ്ട്രപതിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് ആറന്മുളയിലും പരിസരപ്രദേശങ്ങളിലും കനത്ത സുരക്ഷയൊരുക്കി. സുരക്ഷയുടെ ഭാഗമായി ചെങ്ങന്നൂർ, ആറന്മുള, കോഴഞ്ചേരി റോഡുകളിൽ വാഹനങ്ങൾ തിരിച്ചു വിടും. പാർക്കിംഗ് നിരോധനവും ഏർപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രസേനക്കൊപ്പം 1,200 പൊലീസുകാരും സുരക്ഷയൊരുക്കും.

A ബാച്ചിൽ ഉൾപ്പെട്ട 35 ഉം, B ബാച്ചിലെ 16 ളും ഉൾപ്പെടെ 51 പള്ളിയോടങ്ങളാണ് പമ്പാ നദിയിലെ ജലമേളയിൽ അണിനിരക്കുക. മത്സര വള്ളംകളിയിൽ ഓരോ പള്ളിയോടത്തിന്റെയും സ്റ്റാർട്ടിങ് പോയിന്റിൽ നിന്ന് ഫിനിഷിങ് പോയിന്റിൽ എത്തുന്ന സമയം ആധുനിക ഡിജിറ്റൽ സംവിധാനത്തിൽ കൂടി രേഖപ്പെടുത്തി ഏറ്റവും കുറഞ്ഞ സമയത്തിൽ എത്തുന്ന 4 പള്ളിയോടങ്ങളെയാകും ഫൈനൽ മത്സരത്തിൽ പങ്കെടുപ്പിക്കുക.

ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മന്ത്രിമാരായ രമേശ് ചെന്നിത്തല, മോൻസ് ജോസഫ്, റോജി എം. ജോൺ, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

✪✪✪

സംസ്ഥാന ടൂറിസം വകുപ്പ് സംഘടിപ്പിച്ച ഓണം- ടൂറിസം വാരാഘോഷത്തിന് ഇന്ന് വർണാഭമായ ഘോഷയാത്രയോടെ സമാപനം. വൈകിട്ട് 5 ന് ലോക്ഭവന് സമീപം സമാപന ഘോഷയാത്ര ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഫ്ളാഗ് ഓഫ് ചെയ്യും.

വിവരങ്ങളുമായി തിരുവനന്തപുരത്ത് നിന്ന് രെജു കോലിയക്കോട്.

--------------(വോയ്സ്)----------------

✪✪✪

**സംസ്ഥാന വിനോദസഞ്ചാര വകുപ്പും കോഴിക്കോട് ജില്ലാ ഭരണകൂടവും സംഘടിപ്പിക്കുന്ന ഓണാഘോഷപരിപാടികൾ ഇന്ന് സമാപിക്കും സമാപന സമ്മേളനം മന്ത്രി A.P അനിൽകുമാർ ഉദ്ഘാടനം ചെയ്യും.**

✪✪✪

**ടൂറിസം വകുപ്പും ജില്ലാ ഭരണകൂടവും കാസർകോട് മുൻസിപ്പാലിറ്റിയും സംഘടിപ്പിക്കുന്ന ഓണം വാരാഘോഷം വൈകിട്ട് സമാപിക്കും. അവസാന ദിനമായ ഇന്ന് വൈകിട്ട് മൂന്നിന് തായലങ്ങാടി ക്ലോക്ക് ടവറിൽ നിന്ന് ഘോഷയാത്ര ആരംഭിക്കും.**

✪✪✪

**നേപ്പാളിലെ മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 734 ആയി ഉയർന്നു. 2,500 പേരെ കാണാതായിട്ടുണ്ട്. ദുരന്തം സംഭവിച്ച് അഞ്ചാം ദിവസം പിന്നിടുമ്പോഴും കാണാതായവർക്കായി തിരച്ചിലും കുടുങ്ങിക്കിടക്കുന്നവരെ രക്ഷിക്കാൻ ശ്രമങ്ങളും തുടരുകയാണ് .**

✪✪✪

**പരിശീലനം പൂർത്തിയാക്കിയ പോലീസ് കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡ് നാളെ കണ്ണൂർ മാങ്ങാട്ട് പറമ്പ് കെ. എ. പി. നാലാം ബറ്റാലിയൻ മൈതാനിയിൽ നടത്തും. രാവിലെ മന്ത്രി രമേശ് ചെന്നിത്തല പരേഡിൽ അഭിവാദ്യം സ്വീകരിക്കും.**

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.**

**--------------(വോയിസ്)--------------**

✪✪✪

**ഏഷ്യ കപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ആദ്യ മത്സരത്തിനിറങ്ങും. ദുബായ് ഇന്റർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ തായ്‌ലന്റുമായാണ് ഇന്ത്യയുടെ മത്സരം. ഇന്ത്യൻ സമയം രാത്രി 8.30 ന് മത്സരം ആരംഭിക്കും.**

✪✪✪

**FIH പുരുഷ ഹോക്കി ഫൈനലിൽ ഇന്ന് നിലവിലെ ചാമ്പ്യൻമാരായ ജർമനി സ്പെയിനിനെ നേരിടും. രാത്രി എട്ടിന് ആംസ്റ്റൻവീനിലാണ് മത്സരം.**

✪✪✪

**NIT കാലിക്കറ്റ് 22-ാമത് ബിരുദദാന ചടങ്ങ് സംഘടിപ്പിച്ചു. ചരിത്രത്തിലാദ്യമായി ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ ബിരുദം സ്വീകരിച്ച് പുറത്തിറങ്ങിയ ചടങ്ങെന്ന സവിശേഷതയോടെയാണ് ഇത്തവണത്തെ കോൺവൊക്കേഷൻ ശ്രദ്ധേയമായത്.**

✪✪✪

---

.

***News Editor : വി കെ സുരേഷ്***
***News Reader:അബ്ദുൾ കബീർ***
***News Team: ഹബീബ് റഹ്മാൻ, രജിന കെ,***
***DEO: ഷീബ***